(ഡി) മൺസൂണിന്റെ ആരംഭത്തിനുമുൻപ് ടി റോഡിന്റെ ബി.എം. പ്രവൃത്തികൾ പൂർത്തീകരിച്ചു. 3-3-2015 മുതൽ ബി.സി. പ്രവൃത്തി ചെയ്യുന്നുണ്ട്. ഈ പ്രവൃത്തി M/s. Sanathan Infrastructures & Developers-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

പരിയാരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം

286 (1330) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. ഡിസൈൻ ലഭിച്ചത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

സംസ്ഥാന കൺസ്യൂമർ കോർപ്പറേഷന്റെ മരാമത്ത് പണികൾ

287 (1331) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൺസ്യൂമർ കോർപ്പറേഷന്റെ പൂർത്തീകരിക്കാത്ത എത്ര മരാമത്ത് പണികൾ നിലവിലുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പണികൾ കോർപ്പറേഷൻ കരാറുകാർക്ക് മറിച്ചു നൽകിയിട്ടുണ്ട് ; ഇതിന്റെ ആകെ അടങ്കൽ തുകയെത്ര ; എത്ര പണികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്നു ; ഇതിന്റെ അടങ്കൽ തുകയെത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കരാറുകാർക്ക് പണി മറിച്ചുനൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; ഈ വ്യവസ്ഥകളുടെ ഫലമായി എത്ര തുക കോർപ്പറേഷന് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഈ ഇളവുകൾ നൽകിയിട്ടുള്ളത് ; ഇളവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഇളവുകളിൽ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് മാറ്റം വരുത്തിയത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 28-2-2015-ലെ കണക്കുപ്രകാരം ആകെ 182 പ്രവർത്തികളിൽ (41 കൺസൾട്ടൻസി പ്രവർത്തികൾ ഉൾപ്പെടെ) ഇപ്പോൾ 153 പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായി ശേഷിക്കുന്നു. പ്രസ്തുത പ്രവർത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 7-9-2007-ലെ G.O.(P)No.408/2007/Fin. നമ്പർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് പ്രത്യേകം ടെണ്ടർ ചെയ്യപ്പെട്ട കൺസൾട്ടൻസി/ ഗൈഡ്ലൈൻ വർക്കുകൾ ഒഴികെ ആകെ 119 പ്രവർത്തികൾ ബോർഡ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് കമ്പനിയുടെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് സബ് കോൺട്രാക്ട് ചെയ്ത് നൽകിയിട്ടുണ്ട്. ഈ 119 പ്രവർത്തികളുടെ മൊത്തം അടങ്കൽ തുക 1265.86 കോടി രൂപയാണ്. പ്രസ്തുത പ്രവർത്തികളുടെ പകുതിയിലേറെ പണികൾ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പൂർത്തിയാകേണ്ട 153 പ്രവർത്തികളിൽപ്പെട്ട 34 പണികൾ കമ്പനി നേരിട്ട് ടെണ്ടർ ചെയ്ത് നടത്തുകയാണ്. അതിന്റെ അടങ്കൽ തുക 441.14 കോടി രൂപയാണ്.

(സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, വേണ്ടത്ര യന്ത്ര സാമഗ്രികൾ ഉള്ളവരും, നിശ്ചിത സമയപരിധിക്കകം പ്രവൃത്തികൾ പൂർത്തിയാക്കുന്നവരുമായ പൊതുമരാമത്ത് വകുപ്പിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഈ പാനലിൽപ്പെട്ട കരാറുകാർക്ക് നിശ്ചിത പ്രവൃത്തിയെ സംബന്ധിച്ച് അവരുടെ ചുരുങ്ങിയ നിരക്ക് ക്വോട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കമ്പനിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാനലിൽപ്പെട്ട കരാറുകാരിൽ നിന്ന് രേഖാമൂലം ചുരുങ്ങിയ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനുമായി എം.ഒ.യു. ഒപ്പ് വയ്ക്കുന്നു. ഈ എം.ഒ.യു.-ന്റെ അടിസ്ഥാനത്തിലാണ് കമ്പനി ടെണ്ടറുകളിൽ പങ്കെടുക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന ടെണ്ടർ ഓഫറുകൾ സൂക്ഷ്മ പരിശോധന നടത്തി ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം നൽകപ്പെടുന്ന ശിപാർശകൾക്കനുസൃതമായി കോർപ്പറേഷന് പ്രവൃത്തിയുടെ വർക്ക് ഓർഡർ ലഭിക്കുന്ന പക്ഷം, മേൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ എം.ഒ.യു. ഒപ്പുവച്ച കരാറുകാരനുമായി ഉപകരാർ ഒപ്പ് വയ്ക്കുന്നു. കരാർ തുകയിൽ, ആദായനികുതി ഒഴിവാക്കിയശേഷമുള്ള തുകയുടെ 5% തുക കമ്പനിക്ക് ലഭിക്കത്തക്കവിധത്തിലാണ് പ്രവൃത്തികൾ നൽകുന്നത്. ഇപ്രകാരം, കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ലഭിച്ച തുകയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നല്കിയിട്ടുള്ളതിന്റെ വിശദവിവരം താഴെചേർക്കുന്നു :

1. 13-8-1987-ലെ G.O.(Ms)No.67/87/PW&T നമ്പർ ഉത്തരവ് പ്രകാരം ഒരു 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്.
2. 12-2-1992-ലെ G.O.(Ms)No.16/92/PW&T. നമ്പർ ഉത്തരവ് പ്രകാരം ഈ കമ്പനിയെ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റും മരാമത്ത് പണികളെ സംബന്ധിച്ചിടത്തോളം പ്രീ ക്വാളിഫൈഡായി പ്രഖ്യാപിച്ചിട്ടുണ്ട്.
3. 18-8-1998-ലെ G.O.(Ms)No.75/98/PWD നമ്പർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ്/ഇ.എം.ഡി. എന്നിവ നൽകുന്നതിൽ നിന്നും കോർപ്പറേഷന് ഇളവ് നൽകിയിട്ടുണ്ട്.

(ഇ) 28-4-1988-ലെ G.O.(Ms)No.23/88/PW&T നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന 10% പ്രൈസ് പ്രിഫറൻസ്, 13-1-2015-ലെ G.O.(P) No.14/2015/Fin. നമ്പർ ഉത്തരവ് പ്രകാരം കമ്പനി നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

എടയാർ-ആലച്ചേരി റോഡ് നിർമ്മാണം

288 (1332) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എടയാർ-ആലച്ചേരി റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ;

(ബി) എടയാർ-ആലച്ചേരി റോഡ് നിർമ്മാണം നീ-ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly